# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2021

## 16.08.2017 ലെ മറുപടിക്ക്

## ആസ്തി വികസന ഫണ്ട് പദ്ധതികൾക്ക് ഭരണാനുമതി

| | ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷത്തിൽ സമർപ്പിച്ച പദ്ധതികൾ പലതിനും കൃത്യമായി ഭരണാനുമതി ലഭിച്ചില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഒരു സാമ്പത്തിക വർഷം നിയമസഭാ സാമാജികർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് അതേ സാമ്പത്തിക വർഷം തന്നെ ധനാനുമതിയും ഭരണാനുമതിയും നൽകുന്ന രീതിയിലാണ് ആസ്തി വികസന പദ്ധതിയ്ക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ, ആസ്തി വികസന പദ്ധതി 2015-16 ന് കീഴിൽ ബഹു. എം.എൽ.എ.മാർ സമർപ്പിച്ച പ്രവൃത്തികൾക്ക് പലതിനും പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ കൃത്യസമയത്ത് ഭരണാനുമതി ലഭിച്ചില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. ആയതിനാൽ പ്രസ്തുത പ്രവൃത്തികൾ 2016-17 സാമ്പത്തിക വർഷത്തിലും സ്പിൽ ഓവർ വർക്കുകളായി പരിഗണിച്ച് നടപ്പിലാക്കുന്നതിനായി 12.04.2016 ലെ സർക്കുലർ നം. 33/2016/ധന പ്രകാരം അനുമതി നൽകിയിരുന്നു. 31.03.2017 വരെ ധനകാര്യ വകുപ്പിൽ ലഭിച്ച എല്ലാ പ്രവൃത്തികൾക്കും മേൽ സർക്കുലർ പ്രകാരം ധനാനുമതി നൽകുകയും ബന്ധപ്പെട്ട ഭരണവകുപ്പുകൾ ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതു കാരണം പ്രസ്തുത സാമ്പത്തിക വർഷം എം.എൽ.എ മാർ സമർപ്പിച്ച പല പദ്ധതികളും നടപ്പിലാകാതെ പോകുന്ന അവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

ധനകാര്യ (**നോഡൽ സെന്റർ-ബി**) വകുപ്പ്,

**സർക്കുലർ**

നം.**33**/2016/ധന	തിരുവനന്തപുരം, 2016 ഏപ്രിൽ 12.

വിഷയം :- ധനകാര്യ വകുപ്പ് - നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്, 2015-16 – ൽ ശേഷിക്കുന്ന തുകയുടെ വിനിയോഗത്തിനായി സമയ പരിധിയിൽ ഇളവ് നൽകി നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. സ.ഉ നം. 247/2004/ധന തീയതി 27.05.2004.
2. സ.ഉ(പി) നം. 332/12/ധന തീയതി 11.06.2012.
3 സർക്കുലർ നം. 63/2014/ധന തീയതി 21.06.2014.
4. സർക്കുലർ നം. 19/2015/ധന തീയതി 02.02.2015

2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഓരോ എംഎൽഎ-മാർക്കും അവരുടെ നിയോജക മണ്ഡലത്തിൽ ഒരു സാമ്പത്തിക വർഷം 5 കോടി രൂപയുടെ മേജർ വർക്കുകൾ ഏറ്റെടുക്കുന്നതിനായി നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് രൂപീകരിക്കുകയും സൂചന 2 ലെ ഉത്തരവ് പ്രകാരം പ്രവൃത്തികൾക്കുള്ള ശുപാർശകൾ സമർപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും കാരണങ്ങളാൽ എം.എൽ.എ മാർക്ക് മാറ്റം ഉണ്ടാകുന്ന സാഹചര്യത്തിൽ പ്രസ്തുത ഫണ്ടിന്റെ വിനിയോഗം, നടത്തിപ്പ്, പ്രവൃത്തികളുടെ തുടർച്ച എന്നിവ സൂചന 1 ലെ ഉത്തരവ് പ്രകാരമുള്ള എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഖണ്ഡിക 3.9 ൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരമായിരിക്കുമെന്ന് സൂചന 2 ലെ ഉത്തരവിലെ പൊതു നിർദ്ദേശങ്ങൾക്ക് താഴെയുള്ള ഖണ്ഡിക 9 ൽ പ്രതിപാദിച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള ശുപാർകൾ 2015 മാർച്ച് 31 ന് മുൻപായി സമർപ്പിക്കേണ്ടതാണെന്ന് സൂചന 4 സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കേണ്ട നിരവധി ശുപാർശകൾ വിവിധ വകുപ്പുകളിൽ അനുമതിയ്ക്കായി നിലവിലുണ്ടെങ്കിലും 2015-16 സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപായി അനുമതി ലഭ്യമാക്കണമെന്നത് സംബന്ധിച്ച നിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിരുന്നില്ല. സംസ്ഥാനത്ത് ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ 2015-16 സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിൽ എം.എൽ.എ മാർ ശുപാർശ ചെയ്ത നിരവധി പദ്ധതികൾക്ക് അനുമതി നൽകാൻ സാധിച്ചിട്ടില്ല. അത്തരത്തിലുള്ള നിരവധി ശുപാർശകൾ ധനാനുമതിയ്ക്കായി ധനവകുപ്പിലും ഭരണാനുമതിയ്ക്കായി വിവിധ ഭരണവകുപ്പുകളിലും നിലവിലുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2015 - 16 വർഷത്തെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതി വിനിയോഗം സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

1. 31.3.2016 വരെ എം.എൽ.എ മാർ നിർദ്ദേശിച്ചിട്ടുള്ള പ്രോജക്ടുകൾ/പ്രവൃത്തികൾ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി അനുവദനീയമാണെങ്കിൽ 2015-16 ലെ സ്പിൽ ഓവർ പ്രവൃത്തികളായി പരിഗണിച്ച് 2016-17 ൽ ധനാനുമതിയും ഭരണാനുമതിയും നൽകാവുന്നതാണ്.

2. 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് പകരമായി 01.04.2016 ന് ശേഷം മറ്റ് പ്രവൃത്തികൾ അനുവദനീയമല്ല. എന്നാൽ പ്രവൃത്തികൾ റദ്ദ് ചെയ്യാൻ അനുമതി ഉണ്ടായിരിക്കുന്നതാണ്.

3. 2016-17 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 01.04.2016 ന് ശേഷം 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ അവശേഷിക്കുന്ന ഫണ്ട് ഉപയോഗിച്ച്/ഫണ്ട് കൂടി ഉൾപ്പെടുത്തി നിർദ്ദേശിക്കുന്ന പ്രവൃത്തികൾ അനുവദിക്കുന്നതല്ല.

V.K. ബേബി
സെക്രട്ടറി(ഫിനാൻസ് റിസോഴ്സസ്).

1. എല്ലാ എംഎൽഎ മാർക്കും
2. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും,
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
6. എല്ലാ വകുപ്പ് തലവന്മാർക്കും.
7. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
8. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
9. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
10. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
11. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
12. ട്രഷറി ഡയറക്ടർ
13. നോഡൽ ഓഫീസർ www.finance.kerala.gov.in.
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ